**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ കേരളത്തിലെ ഭിന്നശേഷിക്കാരുടെ എണ്ണം കണക്കാക്കുന്നതിലേക്കായി അംഗപരിമിത സെൻസസ് -2015 (Disability Census — 2015) എന്ന പേരിൽ സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേ പ്രകാരം കേരളത്തിൽ 793937 ഭിന്നശേഷിക്കാർ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. (table below) |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 77164 |
| 2 | കൊല്ലം | 66519 |
| 3 | പത്തനംതിട്ട | 30447 |
| 4 | ആലപ്പുഴ | 51403 |
| 5 | കോട്ടയം | 45781 |
| 6 | ഇടുക്കി | 26226 |
| 7 | എറണാകുളം | 74127 |
| 8 | തൃശ്ശൂർ | 67133 |
| 9 | പാലക്കാട് | 62814 |
| 10 | മലപ്പുറം | 96447 |
| 11 | കോഴിക്കോട് | 78548 |
| 12 | വയനാട് | 23122 |
| 13 | കണ്ണൂർ | 58535 |
| 14 | കാസർഗോഡ് | 35671 |
| | **ആകെ** | **793937** |

| | | | |
|---|---|---|---|
| (ബി) | സർക്കാർ പ്രഖ്യാപിച്ച ഭിന്നശേഷി സൗഹൃദനയത്തെ തുടർന്ന് എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നിയമനങ്ങളിൽ | (ബി) | ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെ നിറസാന്നിദ്ധ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സർക്കാർ ഭിന്നശേഷി മേഖലയിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | ഉൾപ്പെടെ വന്നിട്ടുള്ളത് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | | സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗക്കാർക്കായി വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, വിവാഹ ധനസഹായ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയും ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്ന NGO സ്ഥാപനങ്ങൾക്കും വകുപ്പ് മുഖേന ഗ്രാന്റും അനുവദിച്ചു വരുന്നു.<br><br>RPwD Act 2016 ലെ സെക്ഷൻ 40 പ്രകാരം പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ പദ്ധതി. 2015-16 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ രണ്ടായിരത്തിലധികം പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.<br><br>ഭിന്നശേഷി അവകാശ നിയമം 2016 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം അനുവദിക്കുകയും ഇതിന് അനുയോജ്യമായ 1263 ൽ അധികം തസ്തികകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 01.10.2023-ലെ സ.ഉ.(അച്ചടി) നം.5/2023/സാനീവ, 28.02.2024 ലെ സ.ഉ.(അച്ചടി) നം.6/2024/സാനീവ എന്നീ ഉത്തരവുകൾ പ്രകാരം Rights of Persons with Disabilities Act, 2016-ലെ സെക്ഷൻ 2(k) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും സമാനതസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കമ്പനി, കോർപ്പറേഷൻ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഇതു കൂടാതെയുള്ള തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അതിവേഗം നടന്ന് വരുന്നു.<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേനയും പൊതുവിദ്യാഭ്യാസ വകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പുകൾ മുഖേനയും ഭിന്നശേഷി സൗഹൃദനയത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെയും, സർക്കാർ സംവിധാനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | (സി) | ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സ്ഥാപനങ്ങളുടെ എണ്ണം, പേര് |
|---|---|---|
| 1 | തിരുവനന്തപുരം | 3 (HPH (സ്ത്രീകൾ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ) |
| 2 | കൊല്ലം | 1 പ്രിയാഹോം (സ്ത്രീകൾ) |
| 3 | ആലപ്പുഴ | 1 CHDC |
| 4 | എറണാകുളം | 2 HPH (Women), ആശാഭവൻ (പുരുഷൻമാർ) |
| 5 | തൃശ്ശൂർ | 2 ആശാഭവൻ (സ്ത്രീകൾ), പ്രത്യാശാ ഭവൻ |
| 6 | മലപ്പുറം | 1 പ്രതീക്ഷാഭവൻ |
| 7 | കോഴിക്കോട് | 4 HPH (പുരുഷൻമാർ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ), പുണ്യഭവൻ |

ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിനു കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വീതം പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ രജിസ്ട്രേഷനുള്ള ഭിന്നശേഷിക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | RPwD രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 53 |
| 2 | കൊല്ലം | 45 |
| 3 | പത്തനംതിട്ട | 34 |
| 4 | ആലപ്പുഴ | 26 |
| 5 | കോട്ടയം | 73 |
| 6 | ഇടുക്കി | 33 |
| 7 | എറണാകുളം | 92 |
| 8 | തൃശ്ശൂർ | 63 |
| 9 | പാലക്കാട് | 45 |
| 10 | മലപ്പുറം | 52 |
| 11 | കോഴിക്കോട് | 43 |
| 12 | വയനാട് | 15 |

| | | |
|---|---|---|
| 13 | കണ്ണൂർ | 48 |
| 14 | കാസർഗോഡ് | 25 |
| | **ആകെ** | 647 |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1775 11.10.2024- ൽ മറുപടിയ്ക്ക്

<u>ഭിന്നശേഷിക്കാരുടെ വിവരശേഖരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എച്ച്. സലാം | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ ഭിന്ന ശേഷിക്കാരുടെ വിവരശേഖര ണം നടത്തിയിട്ടുണ്ടോ; അതി ന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ കേരളത്തിലെ ഭിന്നശേഷിക്കാരുടെ എണ്ണം കണക്കാക്കുന്നതിലേക്കായി അംഗ പരിമിത സെൻസസ് -2015 (Disability Census — 2015) എന്ന പേരിൽ സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേ പ്രകാരം കേരളത്തിൽ 793937 ഭിന്നശേഷിക്കാർ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 77164 |
| 2 | കൊല്ലം | 66519 |
| 3 | പത്തനംതിട്ട | 30447 |
| 4 | ആലപ്പുഴ | 51403 |
| 5 | കോട്ടയം | 45781 |
| 6 | ഇടുക്കി | 26226 |
| 7 | എറണാകുളം | 74127 |
| 8 | തൃശ്ശൂർ | 67133 |
| 9 | പാലക്കാട് | 62814 |
| 10 | മലപ്പുറം | 96447 |
| 11 | കോഴിക്കോട് | 78548 |
| 12 | വയനാട് | 23122 |
| 13 | കണ്ണൂർ | 58535 |
| 14 | കാസർഗോഡ് | 35671 |

| | |
|---|---|
| | \| \| ആകെ \| 793937 \| |
| (ബി)<br>സർക്കാർ പ്രഖ്യാപിച്ച ഭിന്നശേഷി സൗഹൃദനയത്തെ തുടർന്ന് എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നിയമനങ്ങളിൽ ഉൾപ്പെടെ വന്നിട്ടുള്ളത് എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (ബി) ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെ നിറസാന്നിദ്ധ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സർക്കാർ ഭിന്നശേഷി മേഖലയിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗക്കാർക്കായി വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, വിവാഹ ധനസഹായ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയും ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്ന NGO സ്ഥാപനങ്ങൾക്കും വകുപ്പ് മുഖേന ഗ്രാന്റും അനുവദിച്ചു വരുന്നു.<br><br>RPwD Act 2016 ലെ സെക്ഷൻ 40 പ്രകാരം പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ പദ്ധതി. 2015-16 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ രണ്ടായിരത്തിലധികം പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.<br><br>ഭിന്നശേഷി അവകാശ നിയമം 2016 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ , സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം അനുവദിക്കുകയും ഇതിന് അനുയോജ്യമായ 1263 ൽ അധികം തസ്തികകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട് |

| | |
|---|---|
| | 01/10/2 023ലെ സ.ഉ(അച്ചടി) നം 5/2023/സാനീവ, 28/02 /2024 ലെ സ.ഉ(അച്ചടി) നം 6/2024/സാനീവ എന്നീ ഉത്തരവുകൾ പ്രകാരം Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 2(k) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലേയും സമാനതസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കമ്പനി, കോർപറേഷൻ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഇത് കൂടാതെയുള്ള തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരുന്നു<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേനയും പൊതു വിദ്യാഭ്യാസവകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പുകൾ മുഖേനയും ഭിന്നശേഷി സൗഹൃദനയത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി)<br>സംസ്ഥാനത്ത് ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെയും, സർക്കാർ സംവിധാനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സ്ഥാപനങ്ങളുടെ എണ്ണം, പേര് |
|---|---|---|
| 1 | തിരുവനന്തപുരം | 3 (HPH (സ്ത്രീകൾ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ) |
| 2 | കൊല്ലം | 1 പ്രിയാഹോം (സ്ത്രീകൾ) |
| 3 | ആലപ്പുഴ | 1 CHDC |
| 4 | എറണാകുളം | 2 HPH (Women), ആശാഭവൻ (പുരുഷൻമാർ) |
| 5 | തൃശ്ശൂർ | 2 ആശാഭവൻ (സ്ത്രീകൾ), പ്രത്യാശാ ഭവൻ |
| 6 | മലപ്പുറം | 1 പ്രതീക്ഷാഭവൻ |
| 7 | കോഴിക്കോട് | 4 HPH (പുരുഷൻമാർ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ), പുണ്യഭവൻ |

| | |
|---|---|
| | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിനു കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വീതം പ്രവർത്തിക്കുന്നുണ്ട്.<br><br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ രജിസ്ട്രേഷനുള്ള ഭിന്നശേഷിക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | RPwD രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 53 |
| 2 | കൊല്ലം | 45 |
| 3 | പത്തനംതിട്ട | 34 |
| 4 | ആലപ്പുഴ | 26 |
| 5 | കോട്ടയം | 73 |
| 6 | ഇടുക്കി | 33 |
| 7 | എറണാകുളം | 92 |
| 8 | തൃശ്ശൂർ | 63 |
| 9 | പാലക്കാട് | 45 |
| 10 | മലപ്പുറം | 52 |
| 11 | കോഴിക്കോട് | 43 |
| 12 | വയനാട് | 15 |
| 13 | കണ്ണൂർ | 48 |
| 14 | കാസർഗോഡ് | 25 |
| | **ആകെ** | 647 |

ഡോ ആർ ബിന്ദു

**MINISTER**

**അനുബന്ധം – 1**

## സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | ആനുകൂല്യം /സേവനങ്ങൾ |
|---|---|---|---|
| 1 | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ് | 1–5 വരെ – 300/– month<br>6–10 വരെ– 500/– month<br>+1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ– 750/– month<br>ഡിഗ്രി, പി.ജി, പ്രൊഫഷണൽ, പൊളിടെക്നിക്ക് തത്തുല്യ കോഴ്സുകൾ –1000/–രൂപ |
| 2 | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം | യൂണിഫോം, പഠനോപകരണങ്ങൾ, എന്നിവയ്ക്കുള്ള ധനസഹായം |
| 3 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. | സ്കോളർഷിപ്പ് |
| 4 | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം | പരമാവധി 10,000/– രൂപ |

| | | | |
|---|---|---|---|
| | | നൽകുന്ന പദ്ധതി | |
| 5 | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി | ബിരുദം / തത്തുല്യ കോഴ്സ് 8000/- രൂപ ബിരുദാനന്തര ബിരുദം&പ്രൊഫഷണൽ കോഴ്സുകൾ 10,000/- രൂപ |
| 6 | പരിണയം I | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി | 30,000/- രൂപ |
| 7 | പരിണയം II | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി | 30,000/- രൂപ |
| 8 | നിരാമയ | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പരിധിയിൽ ഉൾപ്പെടുന്ന (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ആരോഗ്യ ഇൻഷുറൻസ് നൽന്നതിനുള്ള പദ്ധതി | ഒരു ലക്ഷം രൂപ വരെ ആരോഗ്യ ചികിത്സ സഹായം. നിലവിൽ പദ്ധതി നടപ്പിലാക്കുന്നത് ആരോഗ്യവകുപ്പാണ് . |
| 9 | കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റമാർക്കുള്ള പദ്ധതി | സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടിസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി | എക്സ്ഗ്രേഷ്യാ അലവൻസ്, വായനാ സഹായി അലവൻസ് |
| 10 | സഹായ ഉപകരണ വിതരണ പദ്ധതി | ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസ രഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതി. | Joy Stick, Operated Wheel Chair, Smart Phone with Screen Reader, Daisy Player, Cerebral Palsy Wheel Chair, Talking Calculator എന്നിവ |
| 11 | വികാലംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി. | പരമാവധി 5000/- രൂപ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. | |
| 12 | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ | മാസം 2000/- രൂപ ക്രമത്തിൽ 24 മാസം വരെ ധനസഹായം ലഭ്യമാകും. |
| 13 | സ്വാശ്രയ പദ്ധതി | മുഴുവൻ സമയ സഹായി ആവശ്യമുള്ള 50% മോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവരെ സംരക്ഷിച്ചു വരുന്ന മാതാവ് / പിതാവ്/ അടുത്ത ബന്ധുക്കൾക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരുള്ള കുടുംബങ്ങളിലെ മാതാവ് / പിതാവ് /അടുത്ത ബന്ധുക്കൾ/ ഭർത്താവിന് ശാരീരിക /മാനസ്സിക ബുദ്ധിമുട്ടുകൾ കാരണം ജോലിയ്ക്ക് പോകാൻ സാധിക്കാത്തതും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതുമായ സ്ത്രീകൾക്കും ഭിന്നശേഷിത്വം മൂലം പുറത്തുപോയി തൊഴിൽ ചെയ്യുന്നതിന് സാധിയ്ക്കാത്ത ഭിന്നശേഷിക്കാർക്കും ഒറ്റത്തവണ സ്വയംതൊഴിൽ ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി | 35,000/- രൂപ |
| 14 | നിയമപരമായ രക്ഷാകർതൃത്വം | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നൽകുന്നു. | നിയമപരമായി രക്ഷാകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നൽകുന്നു |
| 15 | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി | അടിയന്തര പ്രാഥമിക |

| | | | |
|---|---|---|---|
| | | വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി | ശുശ്രൂഷ നൽകൽ അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം എന്നിവയ്ക്ക്. |
| 16 | ശ്രേഷ്ഠം പദ്ധതി | കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. | 10,000/- രൂപ |
| 17 | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി | അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യ സഹായം എന്നിവ നൽകുന്നു |
| 18 | സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നത NSS / NCC / SPC യൂണിറ്റുകൾ അവാർഡ് നൽകുന്ന പദ്ധതി. | NSS/NCC/SPC യൂണിറ്റിന് 10,000/- രൂപ |
| 19 | സ്നേഹയാനം | നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട | സൗജന്യ ഇലക്ട്രിക് |

| | | | |
|---|---|---|---|
| | | ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതി | ഓട്ടോ |
| 20 | NISH ONLINE INTERACTIVE DISABILITY AWERNESS SEMINAR (NIDAS) | ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും യോഗം ചേരുകയും, വിവിധ സെക്ഷനുകളിലായി ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു | ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്നു. |
| 21 | പരിമിത രക്ഷകർത്തൃത്വം (Limited Guardianship) | മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക-മാനസിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷാകർത്തൃത്വം. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) മാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് | |
| 22 | സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് | കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ | 60 % തുക ഗ്രാന്റായി അനുവദിക്കുന്നു |

| | | | |
|---|---|---|---|
| | ഗ്രാന്റ് അനുവദിക്കൽ | ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു. | |
| 23 | അതിജീവനം | ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായുള്ള സമഗ്ര പദ്ധതി. സമൂഹത്തിൽ നിരാലംബരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നല്കി പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീന കേന്ദ്രങ്ങളുണ്ട്. എന്നാൽ ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നു. | |
| 24 | മൊബിലിറ്റി മിഷൻ കേരള പദ്ധതി | സെറിബ്രൽ പാൾസി ഉൾപ്പടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്റ്റീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി | വൈദ്യശാസ്ത്ര പരിചരണവും (കറക്റ്റീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നു. |

| | | | |
|---|---|---|---|
| | | മിഷൻ കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു. | |
| 25 | CDMRP (Community Disability Management and Rehabilitation Programme) | ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷിപ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതിവകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP | മൂന്നു ജില്ലകളിലുമായി 10 കമ്മ്യൂണിറ്റി ക്ലിനിക്കുകളും, കാലിക്കറ്റ് യൂണിവേഴ്സിറ്റി മന:ശാസ്ത്ര വിഭാഗത്തിനു കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അഡ്വാൻസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. 18 വയസ്സു കഴിഞ്ഞ ഭിന്നശേഷിക്കാർക്കായി ഒരു Pre-Vocational Training Centre, Community Based Early Intervention Centre എന്നിവയും നടന്നു വരുന്നു. |
| 26 | സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും | അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു | |
| 27 | ബാരിയർ ഫ്രീ കേരള പദ്ധതി | സംസ്ഥാനത്തെ എല്ലാ പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ- വാർത്താ വിനിമയ- ഗതാഗത സൗകര്യങ്ങൾ എന്നിവ ഭിന്നശേഷി | |

| | | | |
|---|---|---|---|
| | | സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി. ബാരിയർ ഫ്രീ പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങും, ഇവാല്യവേഷനും നടത്തുന്നതിനായും ആക്സസബിലിട്ടി നോംസ് സംബന്ധിച്ച ട്രെയിനിംഗ് നല്കുന്നതിനുമായ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരവുമായി ബന്ധപ്പെട്ട ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ രൂപീകരിച്ച 2020-21 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് | |
| 28 | പ്രത്യാശ പദ്ധതി | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി | |
| 29 | പുനർജ്ജനി | പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കൂടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു | അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസം |

| | | | |
|---|---|---|---|
| 30 | ഭിന്നശേഷിക്കാരുടെ നിയമനം | ഭിന്നശേഷി അവകാശ നിയമം 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാല് ശതമാനം ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതിനായി കോമൺ കാറ്റഗറി വിഭാഗത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താല്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സേവനം അനുഷ്ഠിച്ചിട്ടുള്ള 2186 ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നല്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ 654 തസ്തികകളുടെ പോസ്റ്റ് ഐഡന്റിഫിക്കേഷൻ പൂർത്തിയാക്കുകയും ടി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. | 4% ഭിന്നശേഷി സംവരണം |
| 31 | RPwD രജിസ്ട്രേഷൻ | ഭിന്നശേഷി അവകാശ നിയമം 2016 സെക്ഷൻ 50 പ്രകാരം ഏതൊരു വ്യക്തിയും നിയുക്ത അധികാരി നല്കിയിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൂടാതെ ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടിയുള്ള ഒരു സ്ഥാപനം ആരംഭിക്കുകയോ നടത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം അധ്യായം 2020 IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് | സംസ്ഥാനത്തു പ്രവർത്തിക്കുന്ന 647 ഭിന്നശേഷി സ്ഥാപനങ്ങൾക്ക് ഇതുവരെ രെജിസ്ട്രഷൻ നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | ജോയിന്റ് ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, തെറാപ്പി സെന്ററുകൾ, സൈക്കോ-സോഷ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം സ്ഥാപനങ്ങൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരവും ഇതുവരെ ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ G.O (MS) No.28/2013/സാ.നീ.വ. തീയതി 25/03/2013 പ്രകാരമുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്യുന്നതാണ്. | |
| 32 | ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സ്ഥാപനങ്ങൾ | സാമൂഹ്യനീതിവകുപ്പിനു കീഴിൽ ഭിന്നശേഷിക്കാർക്ക വേണ്ടി ചുവടെ ചേർത്തിരിയ്ക്കുന്ന ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്.<br>ആശാഭവൻ (6 എണ്ണം) - മാനസികാരോഗ്യം വീണ്ടെടുത്തിട്ടും സംരക്ഷിയ്ക്കുവാൻ ആളില്ലാത്ത രോഗികളുടെ പരിചരണത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിയ്ക്കുന്നു.<br>പ്രതീക്ഷ ഭവൻ മലപ്പുറം - മാനസിക വെല്ലുവിളി നേരിടുന്ന പുരുഷൻമാർക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു. | |

| | | | |
|---|---|---|---|
| | | പുണ്യഭവൻ, കോഴിക്കോട് – മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.<br>പ്രത്യാശാ ഭവൻ, തൃശ്ശൂർ, പ്രിയാ ഹോം കൊല്ലം – മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.<br>കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ – ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി പ്രവർത്തിയ്ക്കുന്നു.<br>ഭിന്നശേഷിസദനങ്ങൾ – എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിയ്ക്കുന്നു.<br>തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നു. | |
| 33 | ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി NGO പങ്കാളിത്തത്തോടു കൂടി പ്രതീക്ഷാഭവനുകൾ ആരംഭിയ്ക്കുന്ന പദ്ധതി | ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി തെരഞ്ഞെടുക്കുന്ന അംഗീകൃത NGO യ്ക്ക് സർക്കാർ ധനസഹായം നൽകുന്നു. 2022-23 സാമ്പത്തികവർഷം മുതൽനടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള താമസക്കാരെയാണ് ആദ്യഘട്ടത്തിൽ പുനരധിവസിപ്പിയ്ക്കുന്നത്. | |
| 34 | Day Care Project (IMHANS) | മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ kozhikode IMHANS ന്റെ മേൽ നോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു. ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ | |

| | | | |
|---|---|---|---|
| | | നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ | |
| 35 | സഹജീവനം സ്നേഹഗ്രാമം | എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ " സഹജീവനം സ്നേഹഗ്രാമം" എന്ന പുനരധിവാസഗ്രാമം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൽട്ടിംഗ് & ഹൈഡ്രോതെറാപ്പി ബ്ലോക്കുമാണ് നിർമ്മിച്ചിട്ടുള്ളത്.സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സ്ഥാപനത്തിലെ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. | |

ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനായി സർക്കാർ സംവിധാനങ്ങൾക്കു പുറമേ ഇവരെ പുനരധിവസിപ്പിയ്ക്കുന്ന 647 NGO സ്ഥാപനങ്ങൾക്ക് 2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം സെക്ഷൻ 50 പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് .കൂടാതെ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമപ്രകാരം ഭിന്നശേഷി നിയമനം ബാധകമാക്കിയിട്ടുണ്ട്.

**അനുബന്ധം- 2**

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് - അനുയാത്രാ പദ്ധതിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഭിന്നശേഷിക്കാരുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് അനുയാത്രാ എന്ന പേരിൽ പദ്ധതി നടന്നു വരുന്നു. പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേരള സാമൂഹ്യ സുരക്ഷാമിഷൻ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെയാണ് (SID) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുക, വൈകല്യം എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ വൈകല്യത്തിന്റെ തീവ്രത ലഘൂകരിക്കുക ( Early Screening, Early Detections and Early Intervention), ഇതിനാവശ്യമായ സ്ഥാപന സംവിധാനങ്ങളുമായി organized Network of Institution) സ്ഥാപിക്കുക എന്ന സമീപനത്തിലധിഷ്ഠിതമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് ആദ്യഘട്ടത്തിൽ രൂപം നൽകി നടപ്പാക്കി വരുന്നത്. അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടിയുടെ ഭാഗമായാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തി വരുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റിസ് പദ്ധതികൾ നടപ്പാക്കുന്നത്.

### 1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന

കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവിപരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജനിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രങ്ങളിലെത്തി സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സേവനവും O A E എന്ന ഉപകരണവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസവശേഷം അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധന നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു. പ്രതിവർഷം സംസ്ഥാനത്ത് ശരാശരി 1,00,000 ലധികം കുട്ടികളുടെ കേൾവി പരിശോധന ഈ പദ്ധതിയിലൂടെ നടത്തുകയും കേൾവി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്കാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

### 2. കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന

നവജാത ശിശുക്കളുടെ കേൾവി പരിശോധനയിൽ കേൾവി പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA (Brain Evoked Response Audiometry) സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ ജില്ലാ / ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

**3. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, കോക്ലീയാർ ഇംപ്ലാന്റേഷൻ ആവശ്യമുള്ളവർക്കും ഇംപ്ലാന്റേഷന് മുൻപുള്ള പ്രീഹാബിലിറ്റേഷൻ തെറാപ്പിയും ഇംപ്ലാന്റേഷന് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും നൽകുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) കോഴിക്കോടും തിരുവനന്തപുരത്തുമുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ ENT വിഭാഗം എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**4. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഓരോ ഐ.സി.ഡി.എസ്. പ്രോജക്റ്റിലേയും ഒരു അംഗൻവാടി, നോഡൽ സ്പെഷ്യൽ അംഗൻവാടിയായും മറ്റ് രണ്ട് അംഗൻവാടികൾ സാറ്റലൈറ്റ് സ്പെഷ്യൽ അംഗൻവാടികളായും പ്രവർത്തിക്കുന്നു. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ആവശ്യമായ പ്രത്യേക പരിശിലന സാമഗ്രികളും സ്പെഷ്യൽ അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ 2397 കുട്ടികൾക്ക് പരിശീലനം നൽകുകയും 1174 കുട്ടികളെ ജനറൽ സ്കൂളിൽ ചേരാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

**5. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് ഈ കേന്ദ്രങ്ങളിലൂടെ സേവനം നൽകുന്നത്. ഇവരിൽ തന്നെ അനുബന്ധ രോഗങ്ങൾ ഉള്ളവർ, പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ നിന്നും refer ചെയ്യുന്നവർ, എന്നിവർക്കാണ് റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകളിൽ മുൻഗണന നൽകുന്നത്. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ

വിഭാഗത്തിലെ ഒരു പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനവും REIC മാനേജരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ വിവിധ കാരണങ്ങളാൽപലരും പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.) മുഖേനയാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

**7. ഓട്ടിസം സെന്ററുകൾ**

ഓട്ടിസം കുട്ടികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ. മെഡിക്കൽ കോളേജുകളിലും., കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സെന്ററിലൂടെ ഈ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററിലൂടെ ലഭ്യമാണ്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500-2600 കുട്ടികൾക്ക് ഈ സെന്റെറുകളിലൂടെ സേവനം നൽകി വരുന്നു.

**8. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്,

ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**9. ഹോർട്ടികൾച്ചർ തെറാപ്പി**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് ആത്മവിശ്വാസം വളർത്തുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്.

**10. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ സെന്ററുകളായ തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ ഈ പദ്ധതി നടപ്പിലാക്കുകയും 51 രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നു.

**11. മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി 7 രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**12. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ

അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്റർ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**13. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001)**

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവിധ വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്. പ്രതിദിനം ശരാശരി 150 ലധികം ഭിന്നശേഷിക്കാർ ഹെൽപ്പ് ഡെസ്കിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

**14. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

**15. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റ**

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**16. ഗുരുതരമായ നാഡീവ്യൂഹ വ്യവസ്ഥാ തകരാറുകൾ ബാധിച്ചവർക്കായുള്ള പദ്ധതികൾ**

നാഡിവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും, വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ &

റീഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ഗേറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന സ്പൈനൽ ഇഞ്ചുറി പുനരധിവാസ കേന്ദ്രത്തിൽ ഈ വിഭാഗം രോഗികൾക്കാവശ്യമായ സീലിംഗ് lift, സെക്കന്ററി കോംപ്ലിക്കേഷൻ അസ്സസ്മെന്റ് മോണിറ്ററിംഗ് സംവിധാനങ്ങൾ, പേഷ്യന്റ് സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനും വേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**17. റീഹാബ് എക്സ്പ്രസ്**

ഭിന്നശേഷിക്കാർക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള ഇടപെടലുകൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വ്യക്തിഗത ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതികളിൽ അസസ്മെന്റ്, പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി NIPMR മായി ചേർന്ന് സ്റ്റേറ്റ് ഇനിഷ്യേറ്റിവ് ഓൺ ഡിസെബിലിറ്റീസ് റീഹാബ് എക്സ്പ്രസ്സ് എന്ന ഒരു മൊബൈൽ യൂണിറ്റ് നടപ്പിലാക്കി വരുന്നു.

**18. ഷോർട്ട് ഫിലിമുകൾ (ഡ്രീം ഡെയർ ഡു)**

സ്പെഷ്യൽ സ്കൂളുകൾ, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകളും ഏജൻസികളും, അക്കാദമിക് – പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഭിന്നശേഷിക്കാരായ വ്യക്തികളുടെ കഴിവുകളും, വിജയങ്ങളും ഉയർത്തിക്കാട്ടുന്ന 4 ഷോർട്ട് ഫിലിമുകൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നിർമ്മിച്ചു പ്രദർശിപ്പിച്ചു വരുന്നു.

**19. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി 14 ജില്ലകളിലായി ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത കേന്ദ്രങ്ങൾക്കാവശ്യമായ ആധുനിക സാകര്യങ്ങളോടു കൂടിയ കെട്ടിടം, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

## നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

1. ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വീകസനം – ശ്രവണ പരിമിതർക്കായുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ മലയാള ഭാഷയിൽ ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല തയ്യാറാക്കി.
2. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്– ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, മാതൃകാപരമായ മാറ്റം കൈവരിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.
3. നിഷ്– സെൻസറി പാർക്ക് സഫൽ സെൻസറിയം – ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക–സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയുള്ള നൂതന സാമഗ്രികൾ അടങ്ങിയതാണ് സെൻസറി പാർക്ക് സഫൽ സെൻസറിയം.
4. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു ഭിന്നശേഷിക്കാർക്കായുള്ള 24x7 ഹെൽപ് ലൈൻ – കോവിഡ് 19, കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രകൃതി ദുരന്തം എന്നിവയുമായി ബന്ധപ്പെട്ട് ശ്രവണപരിമിതർക്കുണ്ടായേക്കാവുന്ന സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടി നൽകാൻ വേണ്ടി കേരളാ ദുരന്ത നിവാരണ അതോറിറ്റിയുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ.
5. ഭിന്നശേഷി ശാസ്ത്ര ഗവേഷണ സെൽ – പ്രൊഫഷണൽ വൈദഗ്ധ്യം ഉൾപ്പെടെ സംസ്ഥാനത്തെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ഉപദേശക തലത്തിൽ ഭിന്നശേഷി ശാസ്ത്ര ഗവേഷണ സെൽ പ്രവർത്തിക്കുന്നു.
6. ആക്സസബിൾ ബുക്ക് ക്രിയേഷൻ പദ്ധതി – എല്ലാ ഭിന്നശേഷികൾക്കും ഒരുപോലെ പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമാണമാണ് ആക്സസ്സിബിൾ ബുക്ക് ക്രിയേഷൻ പദ്ധതി.
7. ഭിന്നശേഷിക്കാരിൽ സംരംഭകത്വം വളർത്താനും, നൂതന ആശയങ്ങൾ വികസിപ്പിക്കാനുമുള്ള പദ്ധതി (IYwD) – സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും സമൂഹത്തിലെ നിലവിലുള്ള ഒരു പ്രശ്നം പരിഹരിക്കാൻ നൂതന ആശയങ്ങൾ ഉള്ളവരെ കണ്ടെത്തി അവർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുവാനും ഒരു സംരംഭമാക്കി മാറ്റുവാനുമുള്ള പരിശീലനം നൽകുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി.

8. സ്ട്രക്ച്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP) - ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക്ഷേമത്തിനായുള്ള പദ്ധതി

9. കേരളാഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS) - സമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഭിന്നശേഷിയുള്ളവർ അവരുടെ മാതാപിതാക്കൾ, പരിചരിക്കുന്നവർ എന്നിവർക്കായി നിഷ് സംഘടിപ്പിക്കുന്ന വിവിധ ഭിന്നശേഷികളെ കുറിച്ചുള്ള സംസ്ഥാനതല ഓൺലൈൻ സംവേദനാത്മക ബോധവൽക്കരണ സെമിനാർ ആണ് നിഡാസ്.

10. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്-ന്യൂറോ ഇമേജിംഗ് സൗകര്യവികസനം-

ന്യൂറൽ ഫിസിയോളജിയിലെ മാറ്റങ്ങൾ നിർണ്ണയിച്ച്, പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ (intervention) പുരോഗതി മനസ്സിലാക്കാൻ സഹായിക്കുന്ന ന്യൂറോ ഇമേജിംഗ്

സാങ്കേതികവിദ്യ മുതിർന്നവരുടെയും, കുട്ടികളുടെയും നാഡീകോശ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ നിരീക്ഷിച്ചറിയുവാനും, ക്ലിനിക്കൽ, ഗവേഷണ ആവശ്യങ്ങൾക്കു ഉപയോഗിക്കുവാനും കഴിയും.

11. കെയർ ഹോം പദ്ധതി (NISH Elderly Therapy Service)- വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒക്യുപേഷണൽ തെറാപ്പി സേവനങ്ങൾ നൽകിവരുന്നു.

<u>**അനുബന്ധം -4**</u>

## **നിപ്മർ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

**എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) :** ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) പദ്ധതിയും നടപ്പിലാക്കി വരുന്നു. തെറാപ്പികൾ നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്. Em-Voc പദ്ധതിയിൽ പ്രത്യേക തൊഴിൽ മേഖലയിലെ അഭിരുചി, ശാരീരിക, മാനസിക ക്ഷമത എന്നിവ വിലയിരുത്തി അനുയോജ്യമായ ട്രേഡിൽ പരിശീലനം നൽകുന്നു.

**മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ :** ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും കല പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി ഒരു മ്യൂസിക്ക് ആന്റ് ഡാൻസ് തിയറ്റർ സ്ഥാപിച്ചിട്ടുണ്ട്.

**സെന്റർ ഫോർ മൊബൈലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി (C MAT):** വീൽ ചെയറുകളുടെ കേടുപാടുകൾ പരിഹരിക്കൽ, വ്യക്തിക്ക് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തൽ എന്നിവയ്ക്കും സഹായക ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായുള്ള സംവിധാനം NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.

**സാറ്റലൈറ്റ് സെന്റർ അങ്കമാലി (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്):** NIPMR ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ ഒരിക്കൽ ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു.

**ദന്ത പരിചരണ വിഭാഗം :** NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ദന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ

പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ഡെന്റൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെന്റിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റൽ കെയർ സെന്ററുകളിൽ ലഭ്യമല്ലാത്തതിനാൽ ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെന്റൽ യൂണിറ്റ് സ്വാശ്രയ മാതൃകയിൽ NIPMR ൽ പ്രവർത്തിക്കുന്നു.

**ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ :** ഭിന്നശേഷിക്കാരുടെ മാനസിക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായി സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ NIPMR ൽ സജ്ജീകരിച്ചിട്ടുണ്ട്.

**ഒപ്റ്റോമെട്രിക്ക് യൂണിറ്റ് സജ്ജീകരിക്കൽ :** ഭിന്നശേഷി ചികിത്സാ പുനരധിവാസ മേഖലയിൽ സമഗ്രമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഒപ്റ്റോമെട്രി യൂണിറ്റ് സജ്ജീകരിക്കേണ്ടത് അത്യാവശ്യമാണെന്നത് പരിഗണിച്ച് കാഴ്ച പരിമിതർക്കായി ഒരു ഒപ്റ്റോമെട്രിക്ക് യൂണിറ്റ് സ്വാശ്രയ മാതൃകയിൽ NIPMR ൽ പ്രവർത്തിക്കുന്നു.

**ഇൻക്ലൂസീവ് കിച്ചൻ ആന്റ് ബേക്കിംഗ് യൂണിറ്റ് :** സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതിയാണിത്.

**സിമുലേഷൻ സൂപ്പർ മാർക്കറ്റ് :** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും അതുവഴി സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് NIPMR ൽ പ്രവർത്തിക്കുന്നു.

**ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക്, അക്വാട്ടിക് റീഹാബ് സംവിധാനം :** റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്പികൾ നൽകുന്നതിന് ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക്, അക്വാട്ടിക് റീഹാബ് സംവിധാനം എന്നിവ NIPMR ൽ പ്രവർത്തിക്കുന്നു.

**ഫീഡിംഗ് ഡിസോഡർ ക്ലിനിക്ക് :** സമഗ്രവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ഭക്ഷണ കാര്യത്തിൽ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ഭക്ഷണസമയം

സുഖകരവും ആസ്വാദകരവുമാക്കി മാറ്റുകയും ചെയ്യുക എന്ന പ്രവർത്തനമാണ് NIPMR-ലെ ഫീഡിംഗ് ഡിസോഡർ ക്ലിനിക് നിർവഹിക്കുന്നത്.

**അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റീവ് ആയ കുട്ടികൾക്കുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം :** NIPMR ൽ ADHD കുട്ടികൾക്കായുള്ള മോട്ടോർ ആക്റ്റിവിറ്റി ജിം സജ്ജീകരിച്ചിട്ടുണ്ട്.

**സ്കേറ്റിംഗ് ട്രാക്ക് :** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റോളർ സ്കേറ്റിംഗ് പരിശീലനം നൽകുന്ന സംവിധാനം NIPMR ൽ ഒരുക്കിയിട്ടുണ്ട്.

**അനുബന്ധം -5**

## ഭിന്നശേഷി കമ്മീഷണറേറ്റ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

2016-ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ പ്രചരണവും നടത്തിപ്പുമാണ് ഭിന്നശേഷി കമ്മീഷണറേറ്റ് മുഖേന സംസ്ഥാനമൊട്ടാകെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

**തുടർ പദ്ധതികൾ**

1) ഗവേഷണവും വികസനവും പുനരധിവാസത്തിന്.
2) ലഘുരേഖകൾ, കൈപ്പുസ്തകം, ബ്രോഷർ എന്നിവയുടെ പ്രസിദ്ധീകരണവും, ബോർഡുകളുടെയും സ്ലൈഡുകളുടെയും നിർമ്മാണവും പ്രദർശനവും.
3) സെമിനാറുകളും, പത്രദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖേനയുള്ള പൊതുജന ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കൽ.
4) ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പരിശോധനയും അദാലത്തുകളും സിറ്റിംഗുകളും സംഘടിപ്പിക്കൽ.
5) ഭിന്നശേഷിക്കാർക്ക് നിയമ സഹായവും നിയമ ഉപദേശവും.

**അനുബന്ധം- 6**

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തു വരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40%മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കി വരുന്നു.

ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

**അനുബന്ധം – 7**

## എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**അനുബന്ധം 8**

# കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
## പൂജപ്പുര, തിരുവനന്തപുരം
## നടപ്പിലാക്കി വരുന്ന പദ്ധതികൾ

**1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോട്ടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിക്കിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെട്ടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.

**40%** -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.

വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)

സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

**2. ട്രൈസ്കൂട്ടർ വിതരണം**

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

നിബന്ധനകൾ

18 വയസ്സിന് മുകളിൽ പ്രായം,

40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,

ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,

സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

**അനുബന്ധം 8**

Eligibility Criteria Meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

**3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ **15,000/-** രൂപ വരെ സബ്സിഡിയായി നൽകുന്നു. **(**ബിൽ തുക മാക്സിമം **15,000/-** രൂപ **)** നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് **40%** വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ **1,2** പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിൻറെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജോഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**4. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക **20,000/-** രൂപവരെ ലോൺ തുകയുടെ **50% (**പരമാവധി **5000/-** രൂപ**)** സബ്സിഡിയായും ലോൺ തുക **20,001/-** മുതൽ **50,000/-** രൂപവരെ ലോൺ തുകയുടെ **30%** സബ്സിഡിയായും ലോൺ തുക **50,001/-** മുതൽ **1,00,000/-** രൂപവരെ ലോൺ തുകയുടെ **25% (**മിനിമം **15,000/-** രൂപ**)** സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ **20% (**മാക്സിമം ഒരു ലക്ഷം രൂപവരെ**)** സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം **40%** മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ **1,2** പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടുണ്ടതാണ്.

**5. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്റ്റുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള **20,000/-** രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് **5** ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

**6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, പുതിയതായി ലോട്ടറി വിൽപ്പന തുടങ്ങുന്നവർക്ക് ധനസഹായമായി **5000/-** രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ

**18** വയസ്സിന് മുകളിൽ പ്രായം,

**40-**ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം

ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,

ലോട്ടറി വകുപ്പിൽ നിന്നുള്ള ഏജൻസി ലൈസൻസും, പുതിയ ഏജൻറ് സർട്ടിഫിക്കറ്റ്

പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**7.** എൻ.എച്ച്.എഫ്.ഡി.സി വായ്പ.

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, **2000** മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻറെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. **50,000/-** രൂപക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ **5** ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| **50000/-** രൂപ വരെ | **5%** |
| **50,000- 5,00,000/-** രൂപ വരെ | **6%** |
| **5,00,000- 15,00,000/-** രൂപ വരെ | **7%** |
| **15,00,000 - 25,00,000/-** രൂപ വരെ | **8%** |

**(50000** രൂപവരെയുള്ള വായ്പക്ക് സ്ത്രീകൾക്കും, കാഴ്ച,കേൾവി പരിമിതർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും **1%** പലിശയിളവ്)

**8.** ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്

**40** ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷംരൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് **5000/-** രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

**9.** ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ **20000/** രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. **50** ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം **1,00,000** രൂപ വരെ

3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ടണ്ട് റിലീസ്: 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

10. പാറശ്ശാലയിലെ "സാഫല്യം" പരിചരണ കേന്ദ്രം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ "സാഫല്യം" എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

11. സഹായ ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു

ഭിന്നശേഷിക്കാർക്കാവശ്യമായ വിവിധയിനം സഹായ ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനായി പാറശ്ശാല കൊറ്റാമത്ത് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിൽ ഒരു ഉപകരണ നിർമ്മാണ യൂണിറ്റ് (MRSTC) പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്ന സഹായ ഉപകരണങ്ങൾ സൗജന്യ വിതരണത്തിനു പുറമെ വിവിധ തദ്ദേശസ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും നൽകി വരുന്നു.